## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2111 06.10.2016 – ൽ മറുപടിക്ക്**

# റെയിൽവെ ഓവർ ബ്രിഡ്ജ് ഉദ്ഘാടനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന എത്ര റെയിൽവെ ഓവർ ബ്രിഡ്ജുകളുണ്ട് ; | (എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ ഏഴ് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. |
| (ബി) മാഹിയ്ക്കടുത്ത് നിർമ്മാണം പൂർത്തിയായ കുഞ്ഞിപ്പള്ളിയിലെ റെയിൽവെ ഓവർ ബ്രിഡ്ജിന്റെ ഉദ്ഘാടനം വൈകുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (ബി) കുഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലത്തിന്റെ, റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന മധ്യഭാഗത്തെ സ്പാനിന്റെ നിർമ്മാണം റെയിൽവേ പൂർത്തിയാക്കിയിട്ടില്ല. ആർ. ബി. ഡി. സി. കെ. നേരിട്ട് നിർമ്മിക്കുന്ന എൻ. എച്ച് ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണം സ്ഥലത്തിന്റെ ഉടമസ്ഥാവകാശ തർക്കം മൂലം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എത്രയും വേഗം ഉദ്ഘാടനം നടത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) | എൻ. എച്ച് ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഭൂമി ലഭിച്ചാൽ മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ ഭാഗത്തിന്റെ വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ